REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 17-09-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- സമ്പദ്‌വ്യവസ്ഥ വളരുന്നതിനൊപ്പം രാജ്യാന്തര തലത്തിൽ ഇന്ത്യയുടെ വിശ്വാസ്യതയും വർധിച്ചുവരികയാണെന്ന് പ്രധാന മന്ത്രി നരേന്ദ്ര മോദി.
- പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജന്മദിനത്തിൽ ആശംസകൾ നേർന്ന് രാഷ്ട്രപതി ദ്രൗപതി മുർമുവും, ഉപരാഷ്ട്രപതി C.P രാധാകൃഷ്ണനും.
- രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് നാളെ കൊച്ചിയിലെത്തും.
- പദവിയിലിരിക്കെ വരവിൽക്കവിഞ്ഞ സ്വത്ത് സമ്പാദിച്ചെന്ന കേസിൽ ടോമിൻ ജെ. തച്ചങ്കരി കുറ്റക്കാരനെന്ന് കോട്ടയം വിജിലൻസ് കോടതി .
- ഇന്ത്യ - അഫ്ഗാനിസ്ഥാൻ ട്വന്റി - 20 മൂന്ന് മത്സര ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം രാത്രി ഏഴരയ്ക്ക്.

## വാർത്തകൾ വിശദമായി

സമ്പദ്‌വ്യവസ്ഥ വളരുന്നതിനൊപ്പം രാജ്യാന്തര തലത്തിൽ ഇന്ത്യയുടെ വിശ്വാസ്യതയും വർധിച്ചുവരികയാണെന്ന് പ്രധാന മന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ന്യൂഡൽഹിയിലെ യശോഭൂമിയിൽ 'സെമിക്കോൺ ഇന്ത്യ 2026' എക്സിബിഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിന് പ്രതിജ്ഞാബദ്ധതയോടെയാണ് രാജ്യത്തെ ഓരോ പൗരനും പ്രവർത്തിക്കുന്നതെന്നും അദ്ദേഹം അറിയിച്ചു.

ഇന്ത്യയിലെ സെമികണ്ടക്ടർ എക്കോസിസ്റ്റം അതിവേഗം വികസിച്ചുകൊണ്ടിരിക്കുകയാണെന്നും അത് നവീകരണം, നിക്ഷേപം, വളർച്ച എന്നിവയ്ക്കായി പുതിയ അവസരങ്ങൾ തുറന്നുനൽകുന്നുണ്ടെന്നും നരേന്ദ്ര മോദി വ്യക്തമാക്കി.

'സിലിക്കൺ ടു സിസ്റ്റംസ്: ബിൽഡിംഗ് ദി ഇക്കോസിസ്റ്റം' എന്ന പ്രമേയത്തിലാണ് മൂന്ന് ദിവസത്തെ സമ്മേളനവും പ്രദർശനവും. 600 ലധികം പ്രദർശകരും 300 അന്താരാഷ്ട്ര കമ്പനികളും 40 ലധികം രാജ്യങ്ങളിൽ നിന്ന് പ്രതിനിധികളും പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്. സെമികണ്ടക്ടർ, ഇലക്ട്രോണിക്സ് മേഖലകളിലെ ആഗോള-ഇന്ത്യൻ കമ്പനികൾ, നയരൂപകർത്താക്കൾ, നിക്ഷേപകർ, ഗവേഷകർ, സ്റ്റാർട്ടപ്പുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ എന്നിവർ സമ്മേളനത്തിലും പ്രദർശനത്തിലും ഒത്തുചേരും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജന്മദിനത്തിൽ ആശംസകൾ നേർന്ന് രാഷ്ട്രപതി ദ്രൗപതി മുർമുവും, ഉപരാഷ്ട്രപതി C.P രാധാകൃഷ്ണനും. മുഖ്യമന്ത്രിയായും പ്രധാനമന്ത്രിയായും കഴിഞ്ഞ 25 വർഷത്തെ അദ്ദേഹത്തിന്റെ മാതൃകാപരമായ പൊതുസേവനത്തെയും രാഷ്ട്രനിർമ്മാണ സംഭാവനകളെയും രാഷ്ട്രപതി പ്രശംസിച്ചു. രാജ്യത്തിന് വേണ്ടി നിരന്തര സേവനം തുടരുന്നതിന് പ്രധാനമന്ത്രിക്ക് മികച്ച ആരോഗ്യവും ദീർഘായുസ്സും രാഷ്ട്രപതി ആശംസിച്ചു.

നരേന്ദ്ര മോദിയുടെ ദീർഘവീക്ഷണത്തോടുകൂടിയ നേതൃത്വത്തിന് കീഴിൽ ഇന്ത്യ ലോകത്തിലെ തിളക്കമാർന്ന കേന്ദ്രമായി മാറിയെന്നും ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥകളിൽ ഒന്നാണെന്നും ഉപരാഷ്ട്രപതി ആശംസാ സന്ദേശത്തിൽ പറഞ്ഞു.

സാമൂഹിക മാധ്യമത്തിലാണ് ഇരുവരും ആശംസകൾ അറിയിച്ചത്.

✪✪✪

ജന്മദിനമാഘോഷിക്കുന്ന പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ആഭ്യന്തര മന്ത്രി അമിതാഷായും, BJP ദേശീയ അധ്യക്ഷൻ നിതിൻ നബീനും ആശംസ നേർന്നു. അദ്ദേഹത്തിന്റെ ജീവിതയാത്ര സേവനത്തിലും, സമർപ്പണത്തിലും അധിഷ്ഠിതമാണെന്നും, നിരവധിയാളുകൾക്ക് പ്രചോദനമാണ് ആ ജീവിതമെന്നും ആശംസാസന്ദേശത്തിൽ അമിത്ഷാ പറഞ്ഞു.

നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ രാജ്യം അന്താരാഷ്ട്ര തലത്തിൽ വികസനത്തിന്റെയും സ്വാശ്രയത്തത്തിന്റെയും പാതയിൽ മുന്നേറുകയാണെന്ന് അദ്ദേഹം ആശംസാ സന്ദേശത്തിൽ പറഞ്ഞു. ദേശീയ സേവനത്തിന്റെയും സമർപ്പണത്തിന്റെയും പര്യായമാണ് നരേന്ദ്രമോദിയെന്ന് നിതിൻ നബീൻ അറിയിച്ചു.

✪✪✪

'സ്വച്ഛത ഹി സേവ 2026' ക്യാമ്പയിന് രാജ്യത്ത് തുടക്കമായി. പൊതു ഇടങ്ങളുടെ ശുചീകരണം, ശുചീകരണ പ്രവർത്തനങ്ങളിലെ യുവജന പങ്കാളിത്തം എന്നിവ ലക്ഷ്യമിട്ട് അടുത്തമാസം 17 വരെയാണ് രാജ്യവ്യാപകമായി ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.

ശുചിത്വത്തിനായി ജനപങ്കാളിത്തം, സ്വച്ഛ് ഭാരതം, വികസിത ഭാരതം എന്നതാണ് ഈ വർഷത്തെ പ്രമേയം. സ്വച്ഛ് ഭാരത് ദൗത്യത്തിന്റെ ഭാഗമായി 2017 മുതലാണ് രാജ്യത്ത് 'സ്വച്ഛത ഹി സേവ ക്യാമ്പെയിൻ' ആരംഭിച്ചത്.

✪✪✪

ഭീകരവാദികൾക്ക് വളരാൻ അനുകൂല സാഹചര്യം ഒരുക്കുന്ന പാക്കിസ്ഥാന്റെ നിലപാടിനെതിരെ ഐക്യരാഷ്ട്രസഭയുടെ രക്ഷാസമിതി യോഗത്തിൽ രൂക്ഷവിമർശനം ഉന്നയിച്ച് ഇന്ത്യ. പാക്കിസ്ഥാനിലെ ഭീകരകേന്ദ്രങ്ങളും അമേരിക്കയിൽ സെപ്റ്റംബർ 11 നുണ്ടായ ഭീകരാക്രമണത്തിന് നേതൃത്വം നൽകിയ അൽഖ്വയ്ദ നേതൃത്വവും തമ്മിലെ ബന്ധം ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി ഹരീഷ് യോഗത്തിൽ ഉന്നയിച്ചു.

സെപ്റ്റംബർ 11 ലെ ആക്രമണത്തിൽ കൊല്ലപ്പെട്ടവരെ അന്താരാഷ്ട്ര സമൂഹം ഓർക്കണമെന്നും ഭീകരവാദികൾക്കെതിരെ മാത്രമല്ല, അവർക്ക് ധനസഹായവും പിന്തുണയും അഭയവും നൽകുന്നവർക്കെതിരെയും ശക്തമായ നടപടി സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

✪✪✪

രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് നാളെ കൊച്ചിയിലെത്തും. ജന്മഭൂമി സംഘടിപ്പിക്കുന്ന 'വൺ എപിക്, മെനി സ്റ്റോറീസ്: രാമകഥ എക്രോസ് ഭാരത് ആൻഡ് ബിയോണ്ട്' ത്രിദിന ദേശീയ കോൺക്ലേവ് അദ്ദേഹം ഉദ്ഘാടനം ചെയ്യും. നാളെ ഉച്ചയ്ക്ക് 1.30 നാണ് പരിപാടി.

✪✪✪

പെട്രോൾ, ഡീസൽ, വ്യോമയാന ഇന്ധനം എന്നിവയുടെ വിൻഡ്ഫോൾ ടാക്സും കയറ്റുമതി തീരുവയും കേന്ദ്ര ഗവൺമെന്റ് കുറച്ചു. പെട്രോൾ കയറ്റുമതിക്ക് നികുതി ലിറ്ററിന് 50 പൈസയാണ് കുറച്ചത്. ഇതിൽ സ്പെഷ്യൽ അഡിഷണൽ എക്സൈസ് ഡ്യൂട്ടി ലിറ്ററിന് 50 പൈസ ഉൾപ്പെടുന്നു, അതേസമയം റെവന്യൂ ഇന്റഗ്രേഷൻ ചാർജ് ഉണ്ടാവില്ല.

ഡീസലിന്റെ കയറ്റുമതി തീരുവ ലിറ്ററിന് 20 രൂപയായി കുറച്ചു. വിമാന ഇന്ധന കയറ്റുമതി തീരുവ SIED വഴി ലിറ്ററിന് 15 രൂപയായി താഴ്ത്തി.

എന്നാൽ, ആഭ്യന്തര ഉപഭോഗത്തിന് നൽകുന്ന പെട്രോളിന്റെയും ഡീസലിന്റെയും നിലവിലെ എക്സൈസ് നികുതി നിരക്കുകളിൽ മാറ്റമൊന്നുമില്ലെന്ന് മന്ത്രാലയം അറിയിച്ചു.

✪✪✪

ജനന-മരണ രജിസ്ട്രേഷൻ വൈകുന്നത് തടയാൻ വ്യവസ്ഥകൾ കർശനമാക്കി പുതിയ ജനന-മരണ രജിസ്ട്രേഷൻ (ഭേദഗതി) നിയമം ഒക്ടോബർ ഒന്നിന് പ്രാബല്യത്തിൽ വരുമെന്ന് രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ മൃത്യുഞ്ജയ് കുമാർ നാരായണൻ അറിയിച്ചു. പാർലമെന്റിന്റെ ഇരുസഭകളും പാസാക്കിയ ജനന-മരണ രജിസ്ട്രേഷൻ ബിൽ കഴിഞ്ഞ മാസമാണ് രാഷ്ട്രപതിയുടെ അംഗീകാരം നേടി നിയമമായി മാറിയത്. ജനന-മരണ രജിസ്ട്രേഷനു കളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുക, കൃത്യസമയത്ത് രജിസ്റ്റർ ചെയ്യാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഭേദഗതിയിലൂടെ ലക്ഷ്യമിടുന്നത്.

✪✪✪

സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കാൻ മുഖ്യമന്ത്രി വി.ഡി സതീശൻ ഇന്ന് ഡൽഹിയ്ക്ക് പോകും. ധനമന്ത്രി നിർമ്മലാ സീതാരാമനാണ് യോഗം വിളിച്ചു ചേർത്തത്.

✪✪✪

റിപ്പോർട്ടർ ചാനൽ ഓഫീസിൽ നടത്തിയ റെയ്ഡിൽ SIT നിയമവിരുദ്ധമായി ഒന്നും ചെയ്തിട്ടില്ലെന്ന് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. നടപടിക്രമം പാലിച്ചാണ് റെയ്ഡ് നടത്തിയത്. കഴിഞ്ഞ പത്ത് വർഷം മാധ്യമങ്ങൾക്കെതിരായ വേട്ടയാടൽ അടിയന്തരാവസ്ഥയ്ക്ക് തുല്യമായിരുന്നുവെന്നും അപ്പോൾ ആർക്കും പ്രശ്നമുണ്ടായിരുന്നില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

വയനാട്ടിലെ വീട്ടിൽ അനധികൃത അളവിൽ മദ്യം സൂക്ഷിച്ച കേസിൽ അറസ്റ്റിലായ റിപ്പോർട്ടർ ചാനൽ മേധാവി ആന്റോ അഗസ്റ്റിനെ കൂടുതൽ പരിശോധനകൾക്കായി വയനാട്ടിലെത്തിച്ചു. കൊച്ചിയിലെ ചാനൽ ഓഫീസിൽനിന്ന് എക്സൈസ് സംഘം പുലർച്ചെയാണ് ആന്റോ അഗസ്റ്റിനെ അറസ്റ്റ് ചെയ്തത്.

തുടർന്ന്, ആലുവ ജില്ലാ ആശുപത്രിയിലെ വൈദ്യ പരിശോധനയ്ക്കുശേഷം വയനാട്ടിലേക്ക് ആന്റോയുമായി സംഘം പുറപ്പെടുകയായിരുന്നു.

✪✪✪

സംസ്ഥാന പോലീസ് ഉപമേധാവിയായിരുന്ന ടോമിൻ ജെ. തച്ചങ്കരി ഔദ്യോഗികപദവിയിലിരിക്കെ വരവിൽക്കവിഞ്ഞ സ്വത്ത് സമ്പാദിച്ചെന്ന കേസിൽ കുറ്റക്കാരനെന്ന് കോട്ടയം വിജിലൻസ് കോടതി കണ്ടെത്തി. ശിക്ഷE വിധി ഉച്ചകഴിഞ്ഞ്  പ്രഖ്യാപിക്കും.

2013-ൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം നൽകിയ കേസാണ്. സമയബന്ധിതമായി വിചാരണ പൂർത്തിയാക്കണമെന്ന ഹൈക്കോടതിയുത്തരവിന്റെ അടിസ്ഥാനത്തിലാണ് വിജിലൻസ് കോടതി നടപടി പൂർത്തിയാക്കിയത്.

✪✪✪

ജമ്മു കശ്മീരിലെ ഉധംപൂർ ജില്ലയിൽ ഏറ്റുമുട്ടലിൽ രണ്ട് ഭീകരരെ സംയുക്ത സേന വധിച്ചു. ഉധംപൂരിലെ മജൽത പ്രദേശത്ത് ഇന്നലെ വൈകിട്ട് സംശയാസ്പദമായ നീക്കങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് സുരക്ഷാ സേന തിരച്ചിൽ ആരംഭിച്ചത്.

പ്രദേശത്ത് ഇപ്പോഴും തിരച്ചിൽ പുരോഗമിക്കുകയാണ്.

✪✪✪

രാജ്യത്ത് ചീറ്റകളുടെ എണ്ണം 52 ആയി ഉയർന്നു. ഇന്ത്യയിൽ ജനിച്ച 32 ചീറ്റക്കുട്ടികൾ ഉൾപ്പെടെയാണിത്. പദ്ധതിയുടെ നാല് വർഷത്തെ അവലോകന റിപ്പോർട്ടിലാണ് ഈ വിവരങ്ങൾ വ്യക്തമാക്കുന്നത്. 49 ചീറ്റകൾ കുനോ നാഷണൽ പാർക്കിലും മൂന്ന് ചീറ്റകൾ ഗാന്ധിസാഗർ വന്യജീവി സങ്കേതത്തിലുമാണ് കഴിയുന്നത്.

✪✪✪

ഇന്ത്യ - അഫ്ഗാനിസ്ഥാൻ ട്വന്റി - 20 മൂന്ന് മത്സര ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന്. ഡൽഹിയിലെ അരുൺ ജെയ്റ്റ്ലി

സ്റ്റേഡിയത്തിൽ രാത്രി 7.30-നാണ് മത്സരം. ആദ്യ രണ്ട് മത്സരങ്ങളിലും ജയിച്ച ഇന്ത്യ, പരമ്പര സ്വന്തമാക്കിയിട്ടുണ്ട്.

✪✪✪

കോഴിക്കോട്ട് NIT യിൽ പുതുതായി നിർമ്മിച്ച മേജർ ധ്യാൻ ചന്ദ് സ്പോർട്സ് കോംപ്ലക്സ് ഞായറാഴ്ച ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ കേന്ദ്രസഹമന്ത്രി സുകാന്ത മജുംദാർ മുഖ്യാതിഥിയാകും. ഏഷ്യൻ ഗെയിംസ് സ്വർണ്ണ മെഡൽ ജേതാവും ഒളിമ്പ്യനുമായ M.D.വത്സമ്മ വിശിഷ്ടാതിഥിയാകും.

✪✪✪

കോട്ടയം കടനാട് ആയുഷ്മാൻ ആരോഗ്യ മന്ദിർ മെയിൻ സെന്റർ മന്ത്രി കെ.മുരളീധരൻ ഇന്ന് ഉദ്ഘാടനം ചെയ്യും. ഉച്ചകഴിഞ്ഞ് മൂന്നിനാണ് പരിപാടി.

✪✪✪

ഇന്ന് മുതൽ ഈ മാസം 30 വരെ ട്രെയിൻ സർവീസുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്ന സാഹചര്യത്തിൽ മലബാർ മേഖലയിലെ യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലെ പ്രധാന റൂട്ടുകളിൽ അധിക സർവീസുകൾ KSRTC ആരംഭിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

റദ്ദാക്കുന്ന ട്രെയിൻ സർവീസുകളുടെ വിവരങ്ങൾ മുൻകൂട്ടി മനസിലാക്കി തിരക്ക് അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ അധിക സർവീസുകൾ ഏർപ്പെടുത്തണമെന്നാണ് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് KSRTC മാനേജിംഗ് ഡയറക്ടർക്ക് നൽകിയ നിർദ്ദേശം.

✪✪✪

ദക്ഷിണ റെയിൽവേ തിരുവനന്തപുരം ഡിവിഷൻ മെക്കാനിക്കൽ വിഭാഗത്തിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് സ്വച്ഛതാ ഹി സേവാ ക്യാമ്പയിൻ സംഘടിപ്പിച്ചു. ദക്ഷിണ റെയിൽവേ ഡിവിഷണൽ മാനേജർ ദിവ്യകാന്ത് ചന്ദ്രകർ ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തു.

✪✪✪

കെ. ജി. മാരാർ ജന്മദിനം ആഘോഷിച്ചു. ബിജെപി. ബിജെപി സംസ്ഥാന ഓഫീസിൽ പ്രസിഡന്റ്  രാജീവ് ചന്ദ്രശേഖർ കെ. ജി. മാരാർ പ്രതിമയിൽ പുഷ്പാർച്ചന നടത്തി.

✪✪✪

ആരെക്കുറിച്ചും മോശമായ കാര്യങ്ങൾ പറയാത്ത വ്യക്തിത്വത്തിന് ഉടമയാണ് കെ ജി മാരാർ എന്ന്  BJP മുൻ സംസ്ഥാന പ്രസിഡണ്ട് CK പദ്മനാഭൻ പറഞ്ഞു.   KG മാരാരുടെ സ്മരണക്കായി കണ്ണൂർ പയ്യാമ്പലത്ത് ബി.ജെ.പി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നിർമ്മിച്ച മാരാർജി സ്മൃതി മണ്ഡപം  കണ്ണൂരിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം..

✪✪✪

കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഇന്നു മുതൽ അടുത്ത മാസം പത്തു വരെ 'യാത്രി സേവാ അഭിയാൻ' സംഘടിപ്പിക്കുമെന്ന് വിമാനത്താവള ഡയറക്ടർ മുകേഷ് യാദവ് അറിയിച്ചു. യാത്രക്കാർക്ക് സുരക്ഷിതവും സുഖകരവുമായ യാത്രാനുഭവം ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

✪✪✪

---

*News Editor :   വി കെ സുരേഷ്*
*News Reader : സയ്യിദ് അലി ശിഹാബ്*
*News Team:  വിജേത് എസ് കുമാർ*
*DEO:  ഷീബ*